

# അക്കാദമിക് മാസ്റ്റർ പ്ലാൻ


നോർത്താര്യാട്.പി.ഒ

നേതാജി - ആലപ്പുഴ

govtupsthampakachuvadu@gmail.com

PH:0477 2290427, 9495268779



# അക്കാദമിക മാസ്റ്റർ പ്ലാൻ


ഗവ. യു. പി. സ്കൂൾ
തമ്പകച്ചുവട്
നോർത്ത് ആര്യാട്. പി. ഒ
ആലപ്പുഴ - നേതാജി
govtupsthampakachuvadu@gmail.com
0477-2290427

# സ്വപ്നവിദ്യാലയം



# ഗവ.യു.പി.എസ്.തമ്പകച്ചുവട്

# വിദ്യാലയ ആസൂത്രണരേഖ-20 5-202

## ആമുഖം

ആലപ്പുഴ ജില്ലയിലെ വടക്കനാര്യാട് കണങ്കൂർ പ്രദേശത്തിൻറെ ചിരകാലാഭിലാഷമായിരുന്ന ഒരു വിദ്യാലയം. "വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്ന ലക്ഷ്യവുമായി മുന്നോട്ടുനീങ്ങിയ ഒരു കൂട്ടം മഹത് വ്യക്തികളുടെ അശ്രാന്ത പരിശ്രമത്തിനൊടുവിൽ 1962 ജൂൺ നാലാം തീയതി തിങ്കളാഴ്ച കണങ്കൂർ ദേവസ്വത്തിൻറെ സഹകരണത്തോടെ ഒരു വിദ്യാലയം എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചു. അതോടെ ഒരു കൂട്ടം പാവങ്ങളുടെയും മത്സ്യബന്ധന-കക്കാ തൊഴിലാളികളുടെയും പ്രതീക്ഷകൾക്ക് ആവേശമായി തമ്പകച്ചുവട് എൽ.പി.സ്കൂൾ രൂപംകൊണ്ടു.. തുടർന്ന് ഉദാരമതികളായ വ്യക്തികളുടെ നിരന്തര പരിശ്രമ ഫലമായി 1980 സെപ്റ്റംബർ നാലാം തീയതി ഇതൊരു യു.പി.സ്കൂൾ പദവിയിലേക്ക് കുതിച്ചുചാടുകയായിരുന്നു. അമ്പത്തിയഞ്ചു വർഷം പിന്നിട്ടുകഴിഞ്ഞ ഈ വിദ്യാലയം ഇപ്പോൾ കേരളത്തിലെ തന്നെ സർക്കാർ യു.പി. സ്കൂളുകളിൽ മുൻനിരയിൽ സ്ഥാനം പിടിച്ചിരിക്കുന്നു. പാഠ്യ-പാഠ്യേതര മേഖലകളിലും, അധ്യാപക - അനധ്യാപക ഒത്തൊരുമയിലും, ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന എസ്.എം.സി,പൂർണ്ണ പിന്തുണയോടെ സഹകരിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ, വാർഡ് മെമ്പർമാർ പഞ്ചായത്ത് സമിതികൾ , എന്നുവേണ്ട എന്തിനും ഏതിനും സ്കൂളിനു വേണ്ടി പരിശ്രമിക്കുന്ന രക്ഷിതാക്കൾ ഇങ്ങനെ നീണ്ടുപോകുന്ന ഒരുനിരതന്നെ സ്കൂളിൻറെ പുരോഗതിയിൽ ചുക്കാൻ പിടിച്ചവരിൽപ്പെടുന്നു.

മണ്ണഞ്ചേരി പഞ്ചായത്തിൽ 8-)0 വാർഡിലാണ് തമ്പകച്ചുവട് യു.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത് ആലപ്പുഴ ജില്ലയിൽആദ്യമായി പി.റ്റി.എ. യുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന തമ്പകച്ചുവട്പ്രീ-പ്രൈമറി വിഭാഗത്തിൽ ആറ് അധ്യാപകരും മൂന്ന് ആയമാരും, ഇരുന്നൂറിനടുത്തുവരുന്ന കുട്ടികളുമുള്ള ഒരു മഹത് സംരംഭമാണ്. എഴുന്നൂറോളം വരുന്ന കുട്ടികൾ 1 മുതൽ 7 വരെ ക്ളാസ്സുകളിൽ പഠിക്കുന്നുണ്ട്. ഓരോ കളാസ്സുകളും നാല് ഡിവിഷനുകൾ വീതവുമുണ്ട്. ഇവർക്ക് മാർഗ്ഗ നിർദ്ദേശം നൽകുവാൻ 30 തോളം വരുന്നസ്ഥിരം അധ്യാപകർക്കു പുറമേ കലാധ്യാപകൻ,കായികാധ്യാപകൻ മറ്റ് താത്ക്കാലിക അധ്യാപകരും, അനധ്യാപകരും സ്കൂളിൻറെ ഉന്നമനത്തിലെ കണ്ണികളാണ്.

സമ്പൂർണ്ണ ഹൈ-ടെക്കിലേക്ക് കുതിക്കുന്ന ഈ വിദ്യാലയം ക്ളാസ്സ് മുറികളുടെഎണ്ണത്തിലുള്ള അപര്യാപ്തതകൾ ഏറെ അനുഭവിക്കുന്നു. എങ്കിലും അവികസിത മേഖലയിൽഅനുവദിക്കപ്പെട്ട വിദ്യാലയംഎന്ന നിലയിൽ ഈ പ്രദേശങ്ങളിൽ അക്ഷരദീപമായി ഇന്നും പ്രശോഭിക്കുന്നു.

# ഗവ.യു.പി.എസ്.തമ്പകച്ചുവട്

# വിദ്യാലയ ആസൂത്രണരേഖ-20 5-202

## ആമുഖം

ആലപ്പുഴ ജില്ലയിലെ വടക്കനാര്യാട് കണക്കൂർ പ്രദേശത്തിൻറെ ചിരകാലാഭിലാഷമായിരുന്ന ഒരു വിദ്യാലയം. "വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്ന ലക്ഷ്യവുമായി മുന്നോട്ടുനീങ്ങിയ ഒരു കൂട്ടം മഹത് വ്യക്തികളുടെ അശ്രാന്ത പരിശ്രമത്തിനൊടുവിൽ 1962 ജൂൺ നാലാം തീയതി തിങ്കളാഴ്ച കണക്കൂർ ദേവസ്വത്തിൻറെ സഹകരണത്തോടെ ഒരു വിദ്യാലയം എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചു. അതോടെ ഒരു കൂട്ടം പാവങ്ങളുടെയും മത്സ്യബന്ധന-കക്കാ തൊഴിലാളികളുടെയും പ്രതീക്ഷകൾക്ക് ആവേശമായി തമ്പകച്ചുവട് എൽ.പി.സ്കൂൾ രൂപംകൊണ്ടു.. തുടർന്ന് ഉദാരമതികളായ വ്യക്തികളുടെ നിരന്തര പരിശ്രമ ഫലമായി 1980 സെപ്റ്റംബർ നാലാം തീയതി ഇതൊരു യു.പി.സ്കൂൾ പദവിയിലേക്ക് കുതിച്ചുചാട്ടുകയായിരുന്നു. അമ്പത്തിയഞ്ചു വർഷം പിന്നിട്ടുകഴിഞ്ഞ ഈ വിദ്യാലയം ഇപ്പോൾ കേരളത്തിലെ തന്നെ സർക്കാർ യു.പി. സ്കൂളുകളിൽ മുൻനിരയിൽ സ്ഥാനം പിടിച്ചിരിക്കുന്നു. പാഠ്യ-പാഠ്യേതര മേഖലകളിലും, അധ്യാപക - അനധ്യാപക ഒത്തൊരുമയിലും, ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന എസ്.എം.സി,പൂർണ്ണ പിന്തുണയോടെ സഹകരിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ, വാർഡ് മെമ്പർമാർ പഞ്ചായത്ത് സമിതികൾ , എന്നുവേണ്ട എന്തിനും ഏതിനും സ്കൂളിനു വേണ്ടി പരിശ്രമിക്കുന്ന രക്ഷിതാക്കൾ ഇങ്ങനെ നീണ്ടുപോകുന്ന ഒരുനിരതന്നെ സ്കൂളിൻറെ പുരോഗതിയിൽ ചുക്കാൻ പിടിച്ചവരിൽപ്പെടുന്നു.

മണ്ണഞ്ചേരി പഞ്ചായത്തിൽ 8-)0 വാർഡിലാണ് തമ്പകച്ചുവട് യു.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത് ആലപ്പുഴ ജില്ലയിൽആദ്യമായി പി.റ്റി.എ. യുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന തമ്പകച്ചുവട്പ്രീ-പ്രൈമറി വിഭാഗത്തിൽ ആറ് അധ്യാപകരും മൂന്ന് ആയമാരും, ഇരുന്നൂറിനടുത്തുവരുന്ന കുട്ടികളുമുള്ള ഒരു മഹത് സംരംഭമാണ്. എഴുന്നൂറോളം വരുന്ന കുട്ടികൾ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്നുണ്ട്. ഓരോ ക്ലാസ്സുകളും നാല് ഡിവിഷനുകൾ വീതവുമുണ്ട്. ഇവർക്ക് മാർഗ്ഗ നിർദ്ദേശം നൽകുവാൻ 30 തോളം വരുന്നസ്ഥിരം അധ്യാപകർക്കു പുറമേ കലാധ്യാപകൻ,കായികാധ്യാപകൻ മറ്റ് താത്ക്കാലിക അധ്യാപകരും, അനധ്യാപകരും സ്കൂളിൻറെ ഉന്നമനത്തിലെ കണ്ണികളാണ്.

സമ്പൂർണ്ണ ഹൈ-ടെക്കിലേക്ക് കുതിക്കുന്ന ഈ വിദ്യാലയം ക്ലാസ്സ് മുറികളുടെഎണ്ണത്തിലുള്ള അപര്യാപ്തതകൾ ഏറെ അനുഭവിക്കുന്നു. എങ്കിലും അവികസിത മേഖലയിൽഅനുവദിക്കപ്പെട്ട വിദ്യാലയംഎന്ന നിലയിൽ ഈ പ്രദേശങ്ങളിൽ അക്ഷരദീപമായി ഇന്നും പ്രശോഭിക്കുന്നു.

# വിദ്യാലയത്തെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | ഡിവിഷനുകളുടെ എണ്ണം |
|---|---|---|
| പ്രീ-പ്രൈമറി | 144 | 6 |
| 1 | 102 | 4 |
| 2 | 104 | 4 |
| 3 | 115 | 4 |
| 4 | 126 | 5 |
| 5 | 113 | 4 |
| 6 | 119 | 4 |
| 7 | 121 | 4 |
| ആകെ | 944 | 35 |

## ഭൗതിക സൗകര്യങ്ങൾ

| ഭൗതിക സൗകര്യങ്ങൾ | എണ്ണം |
|---|---|
| ക്ലാസ്സ് മുറികൾ | 37 |
| സ്മാർട്ട് റൂം | 15 |
| ടോയ്‌ലറ്റ് ബ്ലോക്കുകൾ | 7 |
| ഓപ്പൺ സ്റ്റേജ് | 1 |
| സ്കൂൾ ബസ് | 3 |
| അടുക്കള | 1 |
| സൈക്കിൾ ഷെഡ് | 1 |
| കുട്ടികളുടെ പാർക്ക് | 1 |
| ഔഷധത്തോട്ടം | 1 |

## അധ്യാപകരുടെയും ജീവനക്കാരുടെയും വിവരങ്ങൾ

| വിഭാഗം | എണ്ണം |
|---|---|
| പ്രഥമാധ്യാപിക | 1 |
| എൽ.പി. അധ്യാപകർ | 17 |
| യു. പി. അധ്യാപകർ | 13 |
| സ്പെഷ്യലിസ്റ്റ് അധ്യാപകർ | 3 |
| പ്രീ-പ്രൈമറി അധ്യാപകർ | 6 |
| പ്രീ-പ്രൈമറി അനധ്യാപക ജീവനക്കാർ | 3 |
| ബസ് ഡ്രൈവർ | 3 |
| പാചകപ്പുരയിലെ ജീവനക്കാർ | 2 |

## വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ

| മേഖല | പ്രശ്നങ്ങൾ | കണ്ടെത്തിയ കാരണങ്ങൾ |
|---|---|---|
| പാഠ്യപദ്ധതി വിനിമയം | ❖ മലയാളം ഇംഗ്ലീഷ് വിഷയങ്ങളിൽ ഓരോ ക്ലാസ്സിന്റെയും നിലവാരത്തിനനുസരിച്ച് ഭാഷാ ശേഷികൾ എല്ലാ കുട്ടികളും ആർജ്ജിക്കാത്ത അവസ്ഥ<br>❖ ചരിത്ര പഠന പ്രവർത്തനങ്ങളിൽ നേരിടുന്ന പോരായ്മകൾ<br>❖ കലാകായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങളിലെ പോരായ്മകൾ | ❖ പഠന വിടവ്, പഠന പിന്നോക്കാവസ്ഥ, കുടുംബ പശ്ചാത്തലം<br>❖ ചരിത്ര വിഷയത്തിലെ താത്പര്യക്കുറവ്, ചരിത്ര വിഷയവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ അപര്യാപ്തത<br>❖ കലാധ്യാപകരുടെ അഭാവം, പ്രവൃത്തി പരിചയ വിഭവങ്ങളുടെ കുറവ് |
| പഠനാന്തരീക്ഷം | ❖ ലാബുകൾ, സെമിനാർ ഹാളുകൾ, സ്മാർട്ട് ക്ലാസ്സ് റൂമുകൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പോരായ്മ | ❖ ലാബുകൾ സജ്ജീകരിക്കാനായി ക്ലാസ്സ്മുറികൾ ഇല്ല |
| ഭൗതിക സാഹചര്യം | ❖ അസ്സംബ്ലിഹാളിന്റെ അപര്യാപ്തത<br>❖ മെസ്സ് ഹാളിന്റെ അപര്യാപ്തത | ❖ സ്ഥല പരിമിതി<br>❖ ഫണ്ടിന്റെ അപര്യാപ്തത |

# വിദ്യാലയ ദർശനം

- സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലൂടെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിനൽകുന്ന പ്രവർത്തനങ്ങളിലൂടെ തങ്ങളുടെ പ്രവർത്തന മേഖലകൾ തെരഞ്ഞെടുക്കാൻ പ്രാപ്തരാക്കുക.
- സമൂഹ നന്മക്കുതകുന്ന മികച്ച പൗരന്മാരായി വളരുന്നതിനും അതിലൂടെ ജീവിതവിജയം കൈവരിക്കുന്നതിനും വഴികാട്ടുക.
- കൂട്ടായ പ്രവർത്തനങ്ങളിലൂടെ സ്വപ്ന തുല്യമായ നേട്ടങ്ങൾ കൈവരിക്കുക.

# ലക്ഷ്യങ്ങൾ

- ✓ വിവിധ ക്ലാസ്സുകളിലെ നിലവാരത്തിനനുസരിച്ച് ഏററവും ഉയർന്ന നിലവാരത്തിൽ മാതൃഭാഷയിൽ ആശയവിനിമയം നടത്തുന്നതിനും വിവധ വ്യവഹാരരൂപങ്ങൾ ഉപയോഗിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.
- ✓ ഇംഗ്ലീഷ് ഭാഷയിൽ അനായാസേന ആശയവിനിമയം നടത്തുന്നതിനും വിവിധ വ്യവഹാരരൂപങ്ങൾ ഏററവും ഉയർന്ന നിലവാരത്തിൽ ഉപയോഗിക്കുന്നതിനുമുള്ള കഴിവുണ്ടാക്കൽ.
- ✓ ചിട്ടയായ പരിശീലനങ്ങൾ, കളികൾ എന്നിവയിലൂടെ ഉയർന്ന ആത്മാഭിമാനവും കായികശേഷിയും, ഉയർന്ന ശാരീരിക-മാനസിക ആരോഗ്യമുള്ള കുട്ടികളായി ഓരോരുത്തരേയും മാററിയെടുക്കൽ.
- ✓ പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കി മാററി കുട്ടികളെ പഠനത്തിലേക്ക് ആകർഷിക്കൽ.
- ✓ പ്രവർത്തനാധിഷ്ഠിത പഠനത്തിലൂടെ ഓരോ വിഷയത്തിലും ഏററവുമുയർന്ന നിലവാരത്തിൽ ഓരോ കുട്ടിയേയും എത്തിക്കൽ
- ✓ ഓരോ മേഖലയിലും പ്രതിഭകൾക്ക് വേണ്ട പോഷണ പ്രവർത്തനങ്ങൾ നൽകൽ.
- ✓ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ വിഷയത്തിലും ആവശ്യമായ കൈത്താങ്ങ് നൽകൽ
- ✓ വിദ്യാലയത്തിലെ ഓരോ ഇടവും ടാലന്റ് ലാബുകളാക്കൽ.
- ✓ ഓപ്പൺ ലൈബ്രറികൾ സജ്ജീകരിക്കുന്നതിലൂടെ വിദ്യാലയത്തെ വായനവളർത്തുന്നിടങ്ങളാക്കി മാററുക.

# വിഭാഗങ്ങൾ

## എൽ.പി. വിഭാഗം

- ഉദ്ഗ്രഥനം
- മലയാളം
- ഇംഗ്ലീഷ്
- ഗണിതം
- പരിസരപഠനം

## യു.പി.വിഭാഗം

- മലയാളം
- ഇംഗ്ലീഷ്
- ഹിന്ദി
- അടിസ്ഥാന ശാസ്ത്രം
- സാമൂഹ്യ ശാസ്ത്രം
- ഗണിതം
- കലാപഠനം
- കായികപഠനം
- പ്രവൃത്തിപരിചയ പഠനം

# ക്ലബ്ബ് പ്രവർത്തനങ്ങൾ

- സയൻസ് ക്ലബ്ബ്
- സോഷ്യൽ സയൻസ് ക്ലബ്ബ്
- ഗണിത ക്ലബ്ബ്
- വിദ്യാരംഗം കലാസാഹിത്യവേദി
- ഇംഗ്ലീഷ് ക്ലബ്ബ്
- നല്ലപാഠം
- സീഡ് ക്ലബ്ബ്
- ഗ്രീൻ ആർമി
- സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം

# എൽ.പി. വിഭാഗം

## ഉദ്ഗ്രഥനം

### ഉപലക്ഷ്യങ്ങൾ

- ✓ 1,2 ക്ലാസ്സുകളിലെ കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ലേഖനം, ഭാഷണം, ശ്രവണം, വായന എന്നീ ശേഷികൾ മെച്ചപ്പെടുത്തുന്നതിന്
- ✓ സംഖ്യബോധം വളർത്തിയെടുക്കുന്നതിനും ഗണിത പഠന താൽപര്യം വളർത്തുന്നതിനും.
- ✓ അക്ഷരങ്ങളും ചിഹ്നങ്ങളും സംബന്ധിച്ച ധാരണ ഉറപ്പിക്കുന്നതിന് .
- ✓ ഒരക്കസംഖ്യകളുടെ സങ്കലനവും വ്യവകലനവും സംബന്ധിച്ച ധാരണ ഉറപ്പിക്കുന്നതിന്.
- ✓ ലഘുവാക്യങ്ങൾ അനായാസം എഴുതുന്നതിന് പ്രാപ്തരാക്കുന്നതിന്.
- ✓ ചിഹ്നങ്ങൾ തെററുകൂടാതെ ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നതിന്.
- ✓ പുസ്തകങ്ങൾ ആസ്വദിച്ച് വായിക്കാൻ പ്രപ്തരാക്കുന്നതിന്.

പ്രവർത്തനങ്ങൾ

- <u>കഥപറയൽ</u>

  ആശയവ്യക്തതയോടും ശബ്ദ വ്യതിയാനത്തോടും കൂടി ഭാവാത്മകമായി കുട്ടികൾ കഥകൾ അവതരിപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

- <u>വായനാകാർഡുകൾ.</u>

  ക്ലാസിൽ ചിത്രത്തോടുകൂടിയ വായനാകാർഡുകൾ നൽകുന്നു. ഒററക്കും കൂട്ടായും വായനക്ക് അവസരമൊരുക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

- <u>സംയുക്ത ഡയറി</u>

  ഓരോ ദിവസത്തേയും അനുഭവങ്ങൾ രക്ഷിതാക്കളുടെ സാന്നിദ്ധ്യത്തിൽ ഡയറിക്കുറിപ്പായി എഴുതുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

- <u>പാട്ടുപാടാം - കൂട്ടുകൂടാം</u>

  അക്ഷരപ്പാട്ടുകൾ, ഗണിതപ്പാട്ടുകൾ, മററ് കുട്ടിപ്പാട്ടുകൾ എന്നിവ ക്ലാസിൽ ഒററക്കും കൂട്ടായും ആംഗ്യത്തോടെയും അല്ലാതെയും അവതരിപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

- ക്ലാസ്സ് പത്രം

അധ്യാപികയുടെ സഹായത്തോടെ ക്ലാസ്പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പത്രം നിർമ്മിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
| --- | --- |
| നവംബർ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

- സംഖ്യാപോക്കററ്

ഡിസ്പ്ലേബോർഡിൽ കുട്ടികളുമായുള്ള ചർച്ചയിലൂടെ അധ്യാപിക സംഖ്യകൾ ചിത്രീകരിക്കുന്നു. ഓരോദിവസവും ഒരുകുട്ടിക്ക് സംഖ്യ ക്രമീകരിക്കാനുള്ള അവസരം നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
| --- | --- |
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

- സംഖ്യാ കേളികൾ

ഉച്ചഭക്ഷണ ശേഷമുള്ള സമയത്ത് കളിക്കുന്നതിനായി വിവിധ സംഖ്യാകേളികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. സംഖ്യാബോധം ഉറപ്പിക്കുന്നതിനു വേണ്ടിയുള്ള കളികളും നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
| --- | --- |
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

- Picture Card Games

Set of cards with pictures of different occasions are distributed to the children. Cards with different words are also given. Students makes set of cards in the right way by arranging the correct words related to the picture cards.

| Time period | coordinator |
| --- | --- |
| June - March | Class teacher |

# ക്ലാസ്സ് 3,4

മലയാളം

1. ഭാഷണത്തിനുള്ള കഴിവി വികസിപ്പിക്കുന്നതിന്
2. ലേഖനത്തിനുള്ള കഴിവ് വികസിപ്പിക്കുന്നതിന്
3. കുട്ടികളിൽ വായനാശീലം വളർത്തുന്നതിന്

## പ്രവർത്തനങ്ങൾ

### ❖ ചിത്രവായനാകാർഡുകൾ

അധ്യാപിക വിവിധ ചിത്രങ്ങൾ അടങ്ങിയ കാർഡുകൾ നൽകിയശേഷം വായനക്ക് അവസരം നൽകുന്നു. ശേഷം അവയുമായി ബന്ധപ്പെട്ട അടിക്കുറിപ്പ്, കഥകൾ, ലഘുവിവരണങ്ങൾ എന്നിവ കുട്ടികൾ തയ്യാറാക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

### ഒരാഴ്ചക്കഥകൾ

ആഴ്ചയുടെ തുടക്കത്തിൽ അധ്യാപിക ഒരു കഥയുടെ ഒരുവരി ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. ഒരാഴ്ച കൊണ്ട് ഓരോരുത്തരും ഓരോവരികൾ ദിവസവുംകുട്ടിച്ചേർത്ത് കഥ പൂർത്തിയാക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

## ചങ്ങാതിക്കൊപ്പം ആണ്ടുവായന

ഉച്ചഭക്ഷണത്തിനുശേഷമുള്ള സമയം ക്ലാസ്സിലെ വായനാമൂല പ്രയോജനപ്പെടുത്തി ചാങ്ങതിയോടൊപ്പം പുസ്തകങ്ങൾ വായിക്കുന്നു. വായിച്ച പുസ്തകത്തിന്റെ പുസ്തകപരിചയക്കുറിപ്പ് തയ്യാറാക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

## ENGLISH

OBJECTIVES

1. Using games to enrich vocabulary and ensure fluency in English
2. Provide support for reading, listening ,writing and speaking English fluently.

   ACTIVITIES

   - Story time

     Half an hour in lunchbreak is given to students for watching English stories twice in a weak. After that students reproduce the story using there own words.

| Time period | coordinator |
|---|---|
| June - March | Class teacher |

- English Library

  Arranging English books and reading cards in the class library. Ensuring proper usage of Library.

| Time period | coordinator |
|---|---|
| June - March | Class teacher |

- MEW (My English World)

  Students collect lone words with the help of teachers and write it in MEW book. This helps to enrich their vocabulary.

| Time period | coordinator |
|---|---|
| June - March | Class teacher |

ഗണിതം

1. അടിസ്ഥാന വസ്തുതകൾ ഉറപ്പിക്കുന്നതിന്
2. ഗണിത പഠന താത്പര്യം വർദ്ധിപ്പിക്കുന്നതിന്
3. സ്ഥാന വിലകൾ ഉറപ്പിക്കുന്നതിന്

   - സംഖ്യാപോക്കററ്

     ചതുഷ്ക്രിയകൾക്ക് അനുയോജ്യമായ രീതിയിൽ സംഖ്യാപോക്കററുകൾ നിർമ്മിക്കുന്നു. പാഠാസൂത്രണത്തിനനുസരിച്ച് കുട്ടികൾ വിവധ ക്രിയകൾ ചെയ്യുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

- ഗണിത കേളികൾ

  ഉച്ചഭക്ഷണത്തിന് ശേഷമുള്ള സമയം ഗണിതകോർണറിലെ വിവിധ പഠനോപകരണങ്ങൾ ഉപയോഗിച്ച് കളികളിലൂടെഗണിത ക്രിയകൾ പരിശീലിക്കുന്നു

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

- പാറേറണുകൾ

  കുട്ടികൾ വിവധതരം പൊട്ടുകൾ ഉപയോഗിച്ച് പാറേറണുകൾ നിർമ്മിക്കുന്നു. ഒററസംഖ്യകൾ, ഇരട്ട സംഖ്യകൾ, ലഘുസംഖ്യാ ശ്രേണികൾ എന്നിവ തയ്യാറാക്കിയ ശേഷം സംഖ്യാരൂപത്തിൽ പട്ടികപ്പെടുത്തുന്നു.

# പരിസരപഠനം

ഉപലക്ഷ്യങ്ങൾ

1. പരിസര ബന്ധിതമായി നടത്തുന്ന നിരീക്ഷണ പരീക്ഷണങ്ങൾ വഴി പരിസരപഠന താത്പര്യം വർദ്ധിപ്പിക്കുന്നു.

2. ക്യാമ്പസ് ഒരു പാഠപുസ്തകമാക്കി മാററി സ്കൂൾ ചുററുപടിൽ നിന്നും സസ്യലതാദികളെ പ്രയോജനപ്പെടുത്തി പരിസരപഠനം നടത്തുന്നു.

പ്രവർത്തനങ്ങൾ.

- ശലഭോദ്യാനപാർക്ക്

കുട്ടികളുടെ വീടുകളിൽ നിന്നുള്ള കൃഷ്ണകിരീടം, അരിപ്പൂവ്, കിലുക്കാംപെട്ടി , മന്ദാരം, ചെത്തി, ചെണ്ടുമല്ലി തുടങ്ങിയ ചെടികൾ ഉൾപ്പെടുത്തി ശലഭോദ്യാനപാർക്ക് നിർമ്മിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

- ശാസ്ത്രമൂല

പാഠഭാഗവുമായി ബന്ധപ്പെട്ട വിവധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ക്ലാസ്സുകളിൽ ശാസ്ത്രമൂല നിർമ്മിക്കുന്നു. ശാസ്ത്ര പഠനം രസകരമാക്കുന്നതിനായി ഇവ പ്രയോജനപ്പെടുത്തുന്നു.

# യു.പി.വിഭാഗം

## മലയാളം

### ഉപലക്ഷ്യങ്ങൾ

1.ഭാഷണം ലേഖനം എന്നിവക്കുള്ള ശേഷികൾ വികസിപ്പിക്കുന്നതിന്

2. സാഹിത്യാഭിരുചി വളർത്തുന്നതിനും സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനും

3. വായനയിലും ലൈബ്രറി ഉപയോഗത്തിലും താത്പര്യം വളർത്തുന്നതിന്

പ്രവർത്തനങ്ങൾ

- ✓ റീഡിങ്ങ് ടവർ, ഓപ്പൺ ലൈബ്രറികൾ

സ്കൂളിന്റെ വിവിധ ഭാഗങ്ങളിലായി ഓപ്പൺ ലൈബ്രറികളും റീഡിങ്ങ് ടവറുകളും സ്ഥാപിക്കുന്നതിലൂടെ വായനക്കുള്ള അവസരം ഒരുക്കുകയും ഇതിലൂടെ കുട്ടികളിൽ വായനയിലുള്ള താത്പര്യം വളർത്തുകയും ചെയ്യുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

- ✓ പുസ്തകാസ്വാദനസദസ്സ്

ആഴ്ചയിൽ ഒരിക്കൽ സർഗ്ഗവേളയോടനുബന്ധിച്ച് കുട്ടികൾ വായിച്ച പുസ്തകത്തെ സംബന്ധിച്ച് അനുഭവങ്ങൾ മററു കുട്ടികളുമായി പങ്കുവെയ്ക്കാൻ അവസരം നൽകുന്നു. ഇതിനായുള്ള നോട്ടീസ് കുട്ടികൾ തന്നെ തയ്യാറാക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

✓ വായനാചങ്ങല

ഉച്ചഭക്ഷണത്തിനു ശേഷമുള്ള സമയം ആഴ്ചയിലൊരിക്കൽ ചങ്ങല വായന സംഘടിപ്പിക്കുന്നു. ഇതിലൂടെ അക്ഷരസ്ഫുടതയോടും ശബ്ദവ്യതിയാനത്തോടും കൂടെ ആശയം ഉൾക്കൊണ്ട് വായിക്കാൻ കുട്ടികൾ പ്രാപ്തരാകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

# അടിസ്ഥാന ശാസ്ത്രം

ഉപലക്ഷ്യങ്ങൾ

1.നൂതന ശാസ്ത്ര നേട്ടങ്ങൾ കുട്ടികൾക്ക് പരിചിതമാക്കൽ

2.നിരീക്ഷണങ്ങൾ, പരീക്ഷണങ്ങൾ എന്നിവയിൽ ഏർപ്പെടുന്നതിന് കുട്ടികളിൽ താൽപര്യംസൃഷ്ടിക്കൽ

3.ശാസ്ത്ര പദങ്ങൾ എളുപ്പത്തിൽ സ്വായത്തമാക്കുന്നതിന് വേണ്ട പിന്തുണ നൽകൽ

പ്രവർത്തനങ്ങൾ

✓ ശാസ്ത്ര വിസ്മയം

ഓരോ ക്ലാസ്സിലും പ്രത്യേകം ക്രമീകരിച്ച ബുള്ളററിൻ ബോർഡിൽ ആനുകാലിക സയൻസ് കണ്ടുപിടുത്തങ്ങൾ ശാസ്ത്ര സംബന്ധിയായ പത്രകട്ടിംഗുകൾ എന്നിവ ഉൾപ്പെടുത്തി പ്രദർശനം സംഘടിപ്പിക്കുന്നു. തുടർന്ന് ഇവയെ അടിസ്ഥാനമാക്കി ഓരോ മാസവും ക്ലാസ്സ് തലത്തിൽ ശാസ്ത്രക്വിസ്സ് മത്സരം നടത്തുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|

| | |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

✓ ക്ലാസ്സ് ലബോറട്ടറികൾ

നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. പരീക്ഷണകിററുകൾ നിർമ്മിക്കുന്നു.

പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി എന്റെ പരീക്ഷണശേഖരം തയാറാക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

✓ ക്ലബ്ബ് പ്രവർത്തനങ്ങൾ

ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.

ആധുനിക ശാസ്ത്ര കണ്ടെത്തലുകൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക |

# സോഷ്യൽ സയൻസ്

ഉപലക്ഷ്യങ്ങൾ

1.പഠിതാവിൽ ചരിത്രാവബോധം വളർത്തുക

2. ഭൂമിശാസ്ത്രപഠനത്തിന് പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തൽ

3.ആനുകാലിക സംഭവങ്ങളിലുള്ള അറിവ് വികസിപ്പിക്കുന്നതിനും കുട്ടികളിൽ സ്വയം പഠനത്തിനുള്ള ശേഷി വികസിപ്പിക്കുന്നതിനും

പ്രവർത്തനങ്ങൾ

1.പ്രതിമാസ ക്വിസ്സ്

ഓരോ ആഴ്ചയിലും ആനുകാലിക പ്രസക്തമായ പത്ത് ചോദ്യോത്തരങ്ങൾ നൽകുന്നു. മാസാവസാനം സ്കൂൾ തലത്തിൽ ക്വിസ്സ് മത്സരം സംഘടിപ്പിക്കുന്നു. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

- ചരിത്രത്തെ അറിയാം

  ഐ.സി.ടി യുടെ സഹായത്താൽ വിവിധ ചരിത്ര സംഭവങ്ങൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുറിപ്പുകൾ തയാറാക്കാൻ അവസരം നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

- ക്ലബ്ബ് പ്രവർത്തനങ്ങൾ

  സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ചരിത്ര സ്ഥലങ്ങൾ സന്ദർശിക്കുന്നു.

  ഐ.സി.ടി യുടെ സഹായത്തോടെ പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി ആവശ്യമായ ഇടപെടലുകൾ നടത്താൻ പ്രാപ്തരാക്കുന്നു.

  സൈബർ സുരക്ഷ- റോഡ് നിയമങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

# ഗണിതം

## ഉപലക്ഷ്യങ്ങൾ

1 ഗണിതത്തിലെ അടിസ്ഥാന ശേഷികൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പുവരുത്തൽ

2 കുട്ടികളിൽ ഗണിത പഠന താൽപര്യം വളർത്തുക

3 പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഗണിതശാസ്ത്രത്തെ പ്രയോജനപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക.

പ്രവർത്തനങ്ങൾ

✓ ഒന്നായ് മുന്നേറാം - വർക്ക് ഷീറ്റുകൾ
ഗണിത പഠനത്തിൽ അടിസ്ഥാനശേഷികൾ കൈവരിച്ചിട്ടില്ലാത്ത കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയാറാക്കുന്നു. അധ്യാപിക ഇത് ക്ലാസ്സ് തലത്തിൽ പിന്നോക്കക്കാർക്ക് നൽകുകയും പഠനമികവ് പുലർത്തുന്ന കുട്ടികളുടെ പങ്കാളിത്തത്തോടെ ഇവയുടെ സഹായത്താൽ കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കുകയും ചെയ്യുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

✓ ക്ലബ്ബ് പ്രവർത്തനങ്ങൾ
ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗണിതമേള, പസിലുകളുടെ പ്രദർശനം, ഗണിത മാസികകളുടെ നിർമ്മാണം, ദിനാചരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|

| | |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

ചുവർ പത്രിക

വ്യത്യസ്തങ്ങളായ ഗണിത പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഓരോ ക്ലാസ്സിലും ഗ്രൂപ്പടിസ്ഥാനത്തിൽ ചുവർ പത്രിക തയ്യാറാക്കുന്നു. മാസാന്ത്യത്തിൽ മികച്ച ചുവർ പത്രിക തയ്യാറാക്കിയ ഗ്രൂപ്പിന് സമ്മാനം നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

# ENGLISH

## Objectives

1.Enrich language fluency and vocabulary

2. Develops skills in listening, Speaking, Reading , Writing

3. Helps students to use different discourses in English

4. Helps students to use English as a global language.

**ACTIVITIES**

- ✓ **Treasure Hunt**

  For the Treasure Hunt competition, slips with various instructions written on paper strips are placed in various places. Children find each slip and read the instructions on it

to reach the answer and the prize. This increases the chances of children reading and discovering ideas.

| Time period | coordinator |
|---|---|
| June - March | English teacher |

### ✓ ENGLISH FUNNY ACTIVITIES

As part of various learning activities, plays and dialogues are organized to provide children with the opportunity to perform at a level that enhances their language skills.

| Time period | coordinator |
|---|---|
| June - March | English teacher |

## ✓News Reading

With the help of ICT, children are exposed to fluent English news reading. Then, they are given the opportunity to read the newspaper in class. This helps in increasing their fluency.

| Time period | coordinator |
|---|---|
| June - March | English teacher |

## ✓English Day

Under the auspices of the English Club, one day a week is observed as English Day. On that day, teachers and children

speak in English. Through this, children get the opportunity to speak English.

| Time period | coordinator |
|---|---|
| June - March | English teacher |

## കലാ-കായിക പ്രവൃത്തി പരിചയം

**ഉപലക്ഷ്യങ്ങൾ**

വിവിധ ഗെയിമുകളുടെ നിയമങ്ങൾ പരിചയപ്പെടുത്തുന്നതിനും കളികളിൽ ഏർപ്പെടുന്നതിനും

2. ഭിന്നശേഷിക്കാരായ കുട്ടികളെ കളികളിൽ പങ്കാളികളാക്കുന്നതിന്

3. കുട്ടികളിലുള്ള കലാപരമായ മികവുകളും കഴിവുകളും കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന്

4. വിവിധ ചിത്രരചനാ സങ്കേതങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന്

5. ശാരീരിക - ചലനപര ബുദ്ധിയുടെ വികാസത്തിനുതകുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്

6. സാമ്പത്തികനേട്ടങ്ങൾ ഉണ്ടാക്കാവുന്ന വിധം വിവിധ നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടാൻ കുട്ടികൾക്ക് അവസരം ഒരുക്കുന്നതിന്

പ്രവർത്തനങ്ങൾ

- ✓ ബി.ആർ.സി.യിൽ നിന്നുള്ള കലാ-കായികാധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി വ്യത്യസ്തങ്ങളായ കലാ കായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- ✓ വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികൾ തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി പ്രദർശനം സംഘടിപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

# ഹിന്ദി

**ഉപലക്ഷ്യങ്ങൾ**

1. ഹിന്ദി ഭാഷയിൽ ലേഖനം, ഭാഷണം, ശ്രവണം, വായന എന്നീ ശേഷികൾ മെച്ചപ്പെടുത്തുന്നതിന്

2. സ്വാഭാവിക സാഹചര്യങ്ങളിൽ ഭാഷ ഉപയോഗിക്കാനുള്ള അവസരങ്ങൾ സൃഷ്ടിച്ച് ഹിന്ദിയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കൽ

**പ്രവർത്തനങ്ങൾ**

**1. അക്ഷരകാർഡ് നിർമാണം**

വിവിധ അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവയുടെ അക്ഷരകാർഡുകൾ വിവിധ

വർണങ്ങളിൽ കുട്ടികൾ തയ്യാറാക്കുന്നു. ഇവ ക്രമീകരിച്ച് അധ്യാപികയുടെ നിർദ്ദേശാനുസരണം വാക്കുകൾ സന്ദർശിക്കുന്നു. ബുള്ളറ്റിൻ ബോർഡിൽ ഇവ പ്രദർശിപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
| --- | --- |
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## 2. 'സുരീലി ഹിന്ദി'

പ്രത്യേക മൊഡ്യൂൾ ഉപയോഗിച്ച് പഠനപിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളുടെ ഭാഷാശേഷികൾ വികസിപ്പിക്കുന്നതിന് സുരീലി ഹിന്ദി ക്യാമ്പ് നൽകുന്നു. 45 മിനിട്ട് വീതമുള്ള ഓരോ സെഷനുകളിലായി 20 ദിവസം കൊണ്ട് ക്യാമ്പ് പൂർത്തിയാക്കാം.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
| --- | --- |
| ജൂൺ- ജൂലൈ | വിഷയത്തിന്റെ അധ്യാപിക |

## 3. ചിത്രവായന

മൃഗങ്ങൾ, പക്ഷികൾ, സ്ഥലങ്ങൾ ഉടങ്ങിയ ചിത്രങ്ങൾ ഉപയോഗിച്ച് കഥാരചന നടത്തുന്നു. വ്യത്യസ്തരീതികളിൽ ആവിഷ്കരിക്കപ്പെടുന്ന കഥകൾ ചർച്ച പ്രദർശിപ്പിക്കുന്നു, അവതരിപ്പിക്കുന്നു. ചിത്രങ്ങൾക്ക് അനുയോജ്യമായ അടിക്കുറിപ്പുകൾ നൽകുന്നു.

## g) വിദ്യാരംഗം കലാസാഹിത്യവേദി

**ഉപലക്ഷ്യങ്ങൾ**

1.ഭാഷ, സാഹിത്യം എന്നിവയിൽ കുട്ടികൾക്ക് താൽപ്പര്യം വളർത്തുന്നതിന്

2. വിവിധ വ്യവഹാരരൂപങ്ങൾ ആസ്വദിക്കുന്നതിനും വിലയിരുത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ

**പ്രവർത്തനങ്ങൾ**

**1. കവിതാശിൽപ്പശാല**

പ്രശസ്ത കവികളെ സ്കൂളിലെത്തിച്ച് കവിതാരചന, രചനാ സങ്കേതങ്ങൾ എന്നിവ സംബന്ധിച്ച് കുട്ടികൾക്ക് പരിശീലനം നൽകുകയും കവിതകൾ രചിക്കാൻ കുട്ടികൾക്ക് പ്രചോദനം നൽകുകയും ചെയ്യുന്നു. കുട്ടികളുടെ രചനകൾ കയ്യെഴുത്ത് സമാഹാരമായി പുറത്തിറക്കുന്നു. മികച്ചവ സ്കൂൾ മാഗസിനിൽ ഉൾപ്പെടുത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ഡിസംബർ | ക്ലബ്ബ് കോർഡിനേറ്റർ |

**2. അനുസ്മരണ സദസ്സുകൾ**

വയലാർ അനുസ്മരണം, ഒ.എൻ.വി.അനുസ്മരണം എന്നിവ നടത്തുകയും കാവ്യാലാപന മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഗാനങ്ങൾ, കവിതകൾ എന്നിവ ശേഖരിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

**3. വായനാവാരാചരണ പരിപാടികൾ**

ജൂണ 19 മുതലുള്ള ഒരാഴ്ച വായനാസെമിനാർ, പുസ്തകാവതരണസദസ്സ്, കാവ്യാലാപനസദസ്സ് ഉടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ 19-25 | ക്ലബ്ബ് കോർഡിനേറ്റർ |

## h) ലഹരി വിരുദ്ധക്ലബ്ബ്

**ഉപലക്ഷ്യങ്ങൾ**

1. കുട്ടികളിൽ ലഹരി വിരുദ്ധമനോഭാവം സൃഷ്ടിക്കുകയും ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ താൽപ്പര്യം വളർത്തുകയും ചെയ്യൽ

**പ്രവർത്തനങ്ങൾ**

**1. കുട്ടികളുടെ ക്ലാസ്സുകൾ**

അന്താരാഷ്ട്രലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് (ജൂൺ 29) കുട്ടികൾ പ്രദേശത്തെ കോളനികളിൽ ക്ലാസ്സുകൾ നടത്തുന്നു. പോസ്റ്റർ പ്രദർശനം, നാടകാവതരണം എന്നിവയും ഇതോടൊപ്പം നടത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

## i) ശുചിത്വ ക്ലബ്ബ്

**ഉപലക്ഷ്യങ്ങൾ**

1. വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി കുട്ടികൾക്ക് ധാരണയുണ്ടാക്കൽ

2. ശുചിത്വ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കൽ, ശുചിത്വ ശീലങ്ങൾ വളർത്തൽ

**പ്രവർത്തനങ്ങൾ**

**1. ക്ലാസ്സ്റൂം പൂന്തോട്ടങ്ങൾ**

ക്ലാസ്സ് റൂം പൂന്തോട്ടങ്ങൾ സ്ഥാപിക്കാൻ ഓരോ ക്ലാസ്സിലെയും ശുചിത്വ ക്ലബ്ബ് അംഗങ്ങൾ നേതൃത്വം നൽകുന്നു. ഓരോ കുട്ടിയുടെ വീട്ടിൽ നിന്നും കൊണ്ടു വരുന്ന ചെടികൾ കൃത്യമായ പ്ലാനോടെ ക്ലാസ്സ് പരിസരത്ത് വച്ചു പിടിപ്പിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- ജൂലൈ | ക്ലബ്ബ് കോർഡിനേറ്റർ |

# പ്രവർത്തനങ്ങളുടെ നടത്തിപ്പും മോണിറ്ററിങ്ങും

ആസൂത്രണം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്കൂൾ ഹെഡ്മാസ്റ്റർ, സീനിയർ അസിസ്റ്റന്റ്, എസ്.ആർ.ജി.കൺവീനർമാർ എന്നിവരുടെ നേതൃത്വത്തിൽ കൃത്യമായ മോണിറ്ററിങ്ങ് നടത്തുന്നു. ഓരോ പ്രവർത്തനത്തിനും ചുമതലയുള്ള അധ്യാപകർ പ്രവർത്തനം നടത്തേണ്ട സമയങ്ങളിൽ കൃത്യമായ ആസൂത്രണം നടത്തി സഹപ്രവർത്തകരുടെ സഹായത്തോടെ അവ നടപ്പിലാക്കുന്നു. അക്കാദമിക മികവിനായുള്ള ഭൗതിക സാഹചര്യപ്രവർത്തനങ്ങൾ, സമൂഹബന്ധിതമായി നടപ്പിലാക്കേണ്ട അക്കാദമിക പ്രവർത്തനങ്ങൾ, സമൂഹപിന്തുണ ആവശ്യമായതും പൊതുസമൂഹത്തിന് ഗുണകരമായതുമായ അക്കാദമിക പ്രവർത്തനങ്ങൾ, സ്കൂളിന്റെ സവിശേഷ പ്രവർത്തനങ്ങൾ എന്നിവയുടെ നടത്തിപ്പ് പി.ടി.എ, എസ്.എം.സി, എജ്യുക്കേഷൻ വൊളണ്ടിയർ ഗ്രൂപ്പുകൾ, പഞ്ചായത്ത് എന്നിവയുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു.

ഹ്രസ്വകാല പ്രവർത്തനങ്ങൾ(1-7 മാസം), മധ്യകാല പ്രവർത്തനങ്ങൾ (1 വർഷം വരെ), ദീർഘകാല പ്രവർത്തനങ്ങൾ (1 വർഷത്തിനു മുകളിൽ) എന്നിവ വാർഷിക പ്രവർത്തന കലണ്ടർ, പ്രതിമാസ പ്രവർത്തന കലണ്ടർ എന്നിവയിൽ കൃത്യമായി രേഖപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കുന്നു. എസ്.ആർ.ജികൾ, പി.ടി.എ.യോഗങ്ങൾ എന്നിവയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ നടത്തിപ്പ് വിലയിരുത്തുന്നു. സമയോചിതമായ മാറ്റങ്ങൾ നിർദ്ദേശിച്ച് പരിഷ്കരിക്കുകയും ചെയ്യുന്നു.

**********************************

## എൽപി തലം. ക്ലാസ്സ് - 1 പാഠ്യപദ്ധതി വിനിമയവും ജൈവവൈവിധ്യ ഉദ്യാനവും

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ / മൂല്യങ്ങൾ മനോഭാവങ്ങൾ | പ്രവർത്തനങ്ങൾ | ജൈവ വൈവിധ്യ ഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| വ്യത്യസ്ത ജീവികൾക്ക് വ്യത്യസ്ത രീതിയിലുള്ള പാർപ്പിടങ്ങൾ ഉണ്ട് | നിരീക്ഷണം താരതമ്യം വർഗ്ഗീകരണം | കുളം, പക്ഷിക്കൂട്, എന്നിവ നിരീക്ഷിക്കുന്നു. | കുളം, പ്രാവിൻ കൂട്, പക്ഷിക്കൂടുകൾ, വിവിധ തരം ജീവകളുടെ ആവാസമാകുന്ന സസ്യങ്ങൾ |
| കരയിലെപ്പോലെ വെള്ളത്തിലും ജീവികളുണ്ട് | നിരീക്ഷണം | കുളത്തിലെ ജീവികളെ നേരിട്ട് നിരീക്ഷിക്കുന്നു. | ജലത്തിലും കരയിലും ജീവിക്കുന്ന ചെറുമീനുകൾ, ഞണ്ട്, ഗപ്പി, ആമ്പൽ, ജലസസ്യങ്ങൾ. |
| നമുക്കുചുറ്റും വിവിധ തരം പൂക്കൾ, പഴങ്ങൾ, സസ്യങ്ങൾ എന്നിവയുണ്ട്. | നിരീക്ഷണം സവിശേഷതകൾ കണ്ടെത്തുന്നു | വിവിധ തരം സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ ഓരോ സവിശേഷതകളും തിരിച്ചറിയുന്നു. | തുമ്പപ്പൂക്കൾ, ആമ്പൽ,പിച്ചകം, പാല, ചെമ്പരത്തി, ചെത്തി, ഇലഞ്ഞി, തൂടങ്ങിയവ. |

| | | | |
|---|---|---|---|
| ▪ വ്യത്യസ്തനിറം, വലുപ്പം, ആകൃതി, മണം എന്നിവ ഉള്ള പൂക്കൾ തിരിച്ചറിയൽ.<br>▪ പൂന്തോട്ടത്തിൽ വരുന്ന ജീവികളെ തിരിച്ചറിയൽ. | ▪ നിരീക്ഷണം<br>▪ താരതമ്യം<br>▪ സവിശേഷതകൾ കണ്ടെത്തുന്നു. | പൂന്തോട്ടത്തിലെ വ്യത്യസ്ത ഇനം പൂക്കൾ നിരീക്ഷിക്കുന്നു.<br>കുളത്തിലെ പൂക്കൾ നിരീക്ഷിക്കുന്നു. | വിവിധ തരം പൂക്കൾ, കുളം, ശലഭപാർക്ക്. |
| മണ്ണിനടിയിൽ വിളവുണ്ടാകുന്നതും മണ്ണിനു മുകളിൽ വിളവുണ്ടാകുന്നതുമായ സസ്യങ്ങൾ ഉണ്ട്. | ▪ നിരീക്ഷണം<br>▪ താരതമ്യം<br>▪ വർഗ്ഗീകരണം | ഉദ്യാനത്തിലെ മണ്ണിനടിയിൽ വളരുന്ന വിളകൾ പറിച്ചുനോക്കുന്നു. മുകളിൽ വിളവുണ്ടാകുന്നവ നിരീക്ഷിക്കുന്നു. | ചേമ്പ്, ചേന, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ, കച്ചോലം, ഇഞ്ചിമാങ്ങ, മലയിഞ്ചി, കപ്പ, ക്യാരറ്റ്, ബീറ്റ്റൂട്ട് etc. മത്തൻ, കുമ്പളം, വെള്ളരി, വെണ്ട, പയർ, മുരിങ്ങക്കായ etc. |

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| ജലസംരക്ഷണത്തിന്റെ പ്രാധാന്യം | മഴവെള്ള സംഭരണി നിരീക്ഷണം,മുച്ചട്ടി അരിപ്പ, മഴപ്പന്തൽ, നിരീക്ഷണം | മഴവെള്ള സംഭരണി, മഴപ്പന്തൽ, എന്നിവ നിരീക്ഷിക്കൽ, മുച്ചട്ടി അരിപ്പ നിർമ്മാണം. | മഴവെള്ള സംഭരണി, മഴപ്പന്തൽ, മുച്ചട്ടി അരിപ്പ |
| ഔഷധികൾ, വള്ളിച്ചെടികൾ, കുറ്റിച്ചെടികൾ (വിത്ത്, തണ്ട്, ഇല, വേര് ഇവ നട്ടുണ്ടാക്കുന്ന സസ്യങ്ങളാണ്) | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം<br>▪ താരതമ്യം | സസ്യങ്ങളുടെ വിവിധ ഭാഗങ്ങൾ നട്ട് പുതിയ സസ്യങ്ങൾ ഉണ്ടാകുന്നു എന്ന തിരിച്ചറിയുന്നു. | **വിത്ത്**<br>വെണ്ട, പയർ, പാവൽ, പടവലം, മല്ലി, മത്തൻ, കുമ്പളം, വഴുതന, തക്കാളി, മുളക് etc<br>**തണ്ട്**<br>മരച്ചീനി, കോവൽ, കരിമ്പ്, ചെത്തി, ചെമ്പരത്തി, മുരിങ്ങ, റോസ, ഗന്ധരാജൻ etc<br>**ഇല**<br>ഇലമുളച്ചി, നിശാഗന്ധി<br>**വേര്**<br>കറിവേപ്പ്, കടപ്ലാവ് |
| സസ്യത്തിന്റെ വിവിധ ഭാഗങ്ങൾ ഭക്ഷണത്തിനായി ഉപയോഗിക്കാം. | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം<br>▪ താരതമ്യം | ഭക്ഷണത്തിനായി ഉപയോഗിക്കുന്ന സസ്യങ്ങളെ നിരീക്ഷിക്കുന്നു. | വാഴ, മുരിങ്ങ, ചീര, മത്തൻ, കോളിഫ്ളവർ, കപ്പ, ചേന, ചേമ്പ്, ക്യാരറ്റ്, ഉള്ളിപ്പൂവ് |

| | | | |
|---|---|---|---|
| സസ്യങ്ങൾ കൊണ്ട് ധാരാളം ഉപയോഗങ്ങൾ ഉണ്ട്. സസ്യങ്ങൾക്ക് വിവിധ ഭാഗങ്ങൾ ഉണ്ട് അവയ്ക്ക് വ്യത്യസ്തതകൾ ഉണ്ട് | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | പരിസരം നിരീക്ഷിച്ച് സസ്യങ്ങളുടെ പേരുകൾ തരം തിരിച്ച് പട്ടികപ്പെടുത്തുന്നു. | വിവിധ സസ്യങ്ങൾ ഇഞ്ചി, വെളുത്തുള്ളി, കറിവേപ്പില,ജീരകം,കുരുമുളക്, റോസപ്പൂവ്,തുളസി, പാവൽ വെണ്ട, പയർ, തെങ്ങ്, പേര, മാവ്, ആമ്പൽ, കാച്ചിൽ, താമര |
| ഇലകൾ, നിറം, ഗുണം എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | വിവിധ സസ്യങ്ങളുടെ ഇലകൾ നിരീക്ഷിച്ച് നിറം, ഗുണം ആകൃതി എന്നിവയുടെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നു. | വിവിധയിനം സസ്യങ്ങൾ വാഴ, തെങ്ങ്, ഇലമുളച്ചി, പനിക്കൂർക്ക, തുളസി, മഞ്ഞൾ, മുരിങ്ങ, പന, ചീര, ഇഞ്ചി. |
| ആഹാരത്തിനും വരുമാനത്തിനുമായി ചില സസ്യങ്ങൾ നാം നട്ടു വളർത്തുന്നു. | ▪ വർഗ്ഗീകരണം | ആഹാരത്തിനുപയോഗിക്കുന്നവ, നാണ്യവിളകൾ എന്നിവ പട്ടികപ്പെടുത്തുന്നു. പരിപാലിക്കുന്നു. | ചേന, ചേമ്പ്, കാച്ചിൽ, ക്യാരറ്റ്, ബീറ്റ്റൂട്ട്, തുടങ്ങിയ പച്ചക്കറികൾ.<br>കുരുമുളക്, ഏലം, ഇഞ്ചി, ജാതി,ഗ്രാമ്പു, കൊക്കോ മുതലായവ. |
| ചില സസ്യങ്ങൾ, ജന്തുക്കൾ എന്നിവ ജലത്തിൽ വളരുന്നു | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം<br>▪ താരതമ്യം | ജലത്തിലും കരയിലും വളരുന്ന സസ്യങ്ങൾ ജന്തുക്കൾ, എന്നിവയെ വിവിധ സമയങ്ങളിൽ നിരീക്ഷിച്ച് താരതമ്യം ചെയ്യുന്നു | ആമ്പൽ, താമര, ആഫ്രിക്കൻ പായൽ,അസോള,തവള,ആമ, ചെറുമീനുകൾ, കരയിൽ വളരുന്ന വിവിധ സസ്യങ്ങൾ,ജന്തുക്കൾ. |

എൽപി തലം. ക്ലാസ്സ് - 3

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| പൂക്കളുടെ മണം, നിറം, വലിപ്പം, ആകൃതി ഇവ വ്യത്യസ്തമായിരിക്കും. മണം കൊണ്ട് പൂക്കളെ തിരിച്ചറിയാം. ഇലകളുടെ ആകൃതി, മണം എന്നിവയറിഞ്ഞ് സസ്യങ്ങളെ തിരിച്ചറിയാം. | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം<br>▪ നിഗമനത്തിലെത്തൽ | ഉദ്യാനത്തിലെ വിവിധ തരം പൂക്കൾ നിരീക്ഷിക്കുകയും | ജമന്തി, മുല്ല, ചെത്തി, ചെമ്പരത്തി, റോസ,ചെമ്പകം,ആമ്പൽ, ബോൾസം, ബൊഗയിൽ വില്ല, കോളാമ്പി, കാക്കപ്പൂവ്, നന്ത്യാർവട്ടം, രാജമല്ലി മുതലായവ. |
| ചെറിയ ചെടികൾ , വള്ളിച്ചെടികൾ,മരങ്ങൾ തുടങ്ങി വിവിധ തരത്തിലുള്ള സസ്യങ്ങളാണ് നമുക്ക് ചുറ്റുമുള്ളത്. | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | സസ്യങ്ങൾ നിരീക്ഷിച്ച് വള്ളിച്ചെടികൾ മരങ്ങൾ, ചെറു ചെടികൾ എന്നിങ്ങനെ തിരിക്കുന്നു. | മരങ്ങൾ, പ്ലാവ്, മാവ്,ആഞ്ഞിലി,തേക്ക്,ബദാം,തുടങ്ങിയവ. കൊക്കോ,ചെത്തി,ചെമ്പരത്തി,റോസ<br>ഇഴവള്ളികൾ പാവൽ, കോവൽ,പയർ,മത്തൻ, കുമ്പളം,പീച്ചിൽ,പടവലം, തുടങ്ങിയവ |

| | | | |
|---|---|---|---|
| സസ്യങ്ങൾക്ക് വ്യത്യസ്ത തരത്തിലുള്ള വേരുകൾ ഉണ്ട് | ■ നിരീക്ഷണം<br>■ വർഗ്ഗീകരണം | തായ് വേരുള്ള സസ്യങ്ങളെയും നാരുവേരുള്ള സസ്യങ്ങളെയും തിരിച്ചറിയുന്നു. | നെല്ല്, ഗോതമ്പ്, കരിമ്പ്,പുല്ല്, രാമച്ചം, തെരുവപ്പുല്ല്, പച്ചക്കറികൾ, തുമ്പ, കൈയ്യുന്ന്യം മുതലായവ |
| ■ വിവിധ തരത്തിലുള്ള സസ്യങ്ങൾ ചുറ്റുപാടുമുണ്ടെന്ന് തിരിച്ചറിയുന്നു.<br>■ സസ്യത്തിന് വിവിധ ഭാഗങ്ങൾ ഉണ്ടെന്നും ഇവയ്ക്ക് ഓരോന്നിനും പ്രത്യേക ധർമ്മങ്ങൾ ഉണ്ടെന്നും വിവിധഭാഗങ്ങൾ ഭക്ഷണത്തിനായി ഉപയോഗിക്കുന്നുണ്ടെന്നും തിരിച്ചറിയുന്നു. | ■ നിരീക്ഷണം<br>■ വർഗ്ഗീകരണം<br>■ നിഗമനം | ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് ലിസ്റ്റ് ചെയ്യൽ | തെങ്ങ്, തുമ്പ, ചെമ്പരത്തി, മുല്ല, പ്ലാവ്, മാവ്, തുളസി, ചെമ്പരത്തി, മുല്ല, മഷിത്തണ്ട്, മരച്ചീനി, ചീര,ചേന, കോളിഫ്ളവർ, ചേമ്പ് , |

| | | | |
|---|---|---|---|
| വിത്ത് മുളക്കുന്നതിന് വിവിധ ഘട്ടങ്ങൾ ഉണ്ട്. | ▪ വിത്ത് മുളപ്പിക്കൽ<br>▪ നിരീക്ഷണം | വിവിധ വിത്തുകൾപാകി മുളപ്പിക്കുന്നു. | മാങ്ങയണ്ടി, തേങ്ങ, പയർ |
| ജലം ശുദ്ധീകരിക്കുന്നതിന് നിരവധി മാർഗ്ഗങ്ങളുണ്ട് | ▪ നിരീക്ഷണം | മുച്ചട്ടി അരിപ്പ നിർമ്മാണം | മലിനജലത്തെ ശുദ്ധീകരിക്കാൻ മുച്ചട്ടി അരിപ്പയുടെ തത്വം ഉപയോഗിച്ചു നിർമ്മിച്ച സംവിധാനങ്ങൾ |
| പ്രകൃതിയിൽ നിരവധി ചിത്രശലഭങ്ങൾ ഉണ്ട്. വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്ന ചിത്രശലഭങ്ങൾ ഉണ്ട്.<br>പൂമ്പാറ്റകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു<br>പൂമ്പാറ്റകൾ സംരക്ഷിക്കപ്പെടേണ്ടവയാണ് | ▪ നിരീക്ഷണം<br>▪ നിഗമനം<br>▪ . ആശയവിനിമയം | ചിത്രശലഭങ്ങളെ നിരീക്ഷിക്കുന്നു. പേരുകൾ കണ്ടെത്തുന്നു. ചിത്രശലഭ പാർക്ക് നിർമ്മാണത്തിൽ പങ്കെടുക്കുന്നു. | വിവിധയിനം ചിത്രശലഭങ്ങൾ, ശലഭങ്ങളുടെ ആഹാരത്തിനുള്ള സസ്യങ്ങൾ, രൂപാന്തരണത്തിന് ആവശ്യമായ സസ്യങ്ങൾ |
| ജലശുദ്ധീകരണം,<br>ജല സംരക്ഷണം | ▪ നിരീക്ഷണം | മഴവെള്ള സംഭരണി നിർമ്മാണം. | മഴവെള്ള സംഭരണി ഇല്ലി, രാമച്ചം ഇവകൊണ്ടുള്ള ജൈവവേലി. |

എൽപി തലം. ക്ലാസ്സ് - 4

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| ജീവികൾ കരയിൽ ജീവിക്കുന്നവ, ജലത്തിൽ ജീവിക്കുന്നവ, കരയിലും ജലത്തിലും ജീവിക്കുന്നവ എന്നിങ്ങനെയുണ്ട്. | ▪ നിരീക്ഷണം<br>▪ വർഗീകരണം | കുളം നിർമ്മാണം, വയൽ നിർമ്മാണം | കുളം, വയൽ, തവള, മീൻ, ഞണ്ട്, ഞവിണിക്ക, വെള്ളത്തിൽ പാറ്റ, ആമ. |
| ജലത്തിൽ ജീവിക്കുന്ന ജീവികൾക്ക് ജലജീവിതത്തിനനുയോജ്യമായ സവിശേഷതകൾ ഉണ്ട് | ▪ നിരീക്ഷണം | കുളം, അക്വേറിയം എന്നിവ നിരീക്ഷിച്ച് ജലജീവികളുടെ പ്രത്യേകതകണ്ടെത്തുന്നു. | കുളം<br>അക്വേറിയം |
| ഒരു ജീവിക്ക് അതിന്റെ വാസസ്ഥലത്ത് ജീവിക്കാൻ സഹായിക്കുന്ന അനുകൂലനങ്ങൾ ഉണ്ടായിരിക്കും | ▪ നിരീക്ഷണം<br>▪ പട്ടികപ്പെടുത്തൽ | പരിസരത്തെ ജീവികളെ വിവിധ സന്ദർഭങ്ങളിൽ നിരീക്ഷിക്കുന്നു. | ശലഭപ്പാർക്ക്, കുളം |
| നമുക്കു ചുറ്റും പലതരം പക്ഷികൾ ഉണ്ട്. പക്ഷികളുടെ കൂടുകൾ വൈവിധ്യമുള്ളവയാണ് | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | പക്ഷികൾക്ക് കൂടൊരുക്കൽ, പക്ഷികൾക്ക് വെള്ളപ്പാത്രം ഒരുക്കൽ. | പക്ഷിക്കൂട്, പക്ഷിക്ക് വെള്ളപാത്രം, വിവിധ ഭക്ഷണ സാമഗ്രികൾ, മരങ്ങൾ. |

| | | | |
|---|---|---|---|
| ജാലികാസിരാവിന്യാസമുള്ള സസ്യങ്ങളുടെ വേരുപടലം തായ് വേരുപടലമാണ്<br><br>സമാന്തരസിരാ വിന്യാസമുള്ള സസ്യങ്ങളുടെ വേരുപടലം നാരു വേരുപടലമാണ്<br><br>വിത്തിനുള്ളിൽ ഒരു ബീജപാത്രം മാത്രമുള്ള സസ്യങ്ങളാണ് ഏക ബീജസസ്യങ്ങൾ<br><br>വിത്തിനുള്ളിൽ രണ്ട് ബീജപത്രമുള്ള സസ്യങ്ങളാണ് ദ്വിബീജ പത്ര സസ്യങ്ങൾ | ▪ നിരീക്ഷണം<br>▪ നിഗമനം<br>▪ വർഗ്ഗീകരണം | വിവിധ തരം സസ്യങ്ങൾ നിരീക്ഷിച്ച് സിരാവിന്യാസം വേരുപടലത്തിന്റെ പ്രത്യേകത ഇവ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തുക.<br>വിവിധ സസ്യങ്ങളുടെ വിത്ത് നിരീക്ഷിക്കുന്നതിലൂടെ ബീജപത്രങ്ങളുടെ എണ്ണവും സിരാവിന്യാസവും വേരു പടലവും തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു. | മുള, ഗോതമ്പ്, ഇഞ്ചി ,വാഴ, മഞ്ഞൾ, മാവ്, പ്ലാവ്, ചെമ്പരത്തി, ആവണക്ക്, ഗ്രാമ്പു.<br><br>വിവിധ തരം വിത്തുകൾ<br>പയർ , നെല്ല്, കടല, നിലക്കടല, വാളംപുളി, കശുമാവ്, തെങ്ങ്, കവുങ്ങ്. |

| | | | |
|---|---|---|---|
| സസ്യങ്ങളുടെ തണ്ട്, വേര്, ഇല, പൂവ്, കായ് എന്നീ ഭാഗങ്ങൾ ആഹാരത്തിനായി ഉപയോഗിക്കുന്നു. | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | ഭക്ഷണത്തിനായി ഉപയോഗിക്കുന്ന വിവിധ സസ്യ ഭാഗങ്ങൾ നിരീക്ഷിക്കുന്നു, പട്ടികപ്പെടുത്തുന്നു. | മരച്ചീനി, ക്യാബേജ്, ക്യാരറ്റ്, ബീറ്റ്റൂട്ട് ,മധുരക്കിഴങ്ങ്, റാഡിഷ്, കരിമ്പ്, ചേന, ചേമ്പ്, വാഴ, ചീര, മത്തൻ, നെല്ല്, ഗോതമ്പ്, ചോളം, ബാർളി, ഓട്ട്സ്, കുമ്പളം, പടവലം,കോളിഫ്ളവർ |
| സസ്യങ്ങളിൽ നിന്നും സുഗന്ധവ്യഞ്ജനങ്ങളും ഔഷധങ്ങളും ലഭിക്കുന്നു | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | ഔഷധ സസ്യങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ സവിശേഷതകൾ കണ്ടെത്തുന്നു. | കുരുമുളക്, ഇഞ്ചി, ഗ്രാമ്പൂ, മഞ്ഞൾ, ഏലം, കറിവേപ്പില, ആടലോടകം, പനിക്കൂർക്ക, ആര്യവേപ്പ്, തൊട്ടാവാടി, കുറുന്തോട്ടി. |
| സസ്യങ്ങളിൽ വാതക വിനിമയം നടക്കുന്നത് ആസ്യരന്ധ്രങ്ങളിലൂടെയാണ്. | ▪ നിരീക്ഷണം<br>▪ നിഗമനം | വെയിലത്തു നിൽക്കുന്ന ചേമ്പില, വെറ്റില എന്നിവയുടെ ആസ്യരന്ധ്രങ്ങൾ മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കുന്നു. | ചേമ്പ്, വെറ്റില |

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| സസ്യങ്ങൾക്ക് വ്യത്യസ്ത രീതിയിലുള്ള ഇലവിന്യാസം കാണാം | ■ നിരീക്ഷണം<br>■ വർഗ്ഗീകരണം | വിവിധ സസ്യങ്ങൾ നിരീക്ഷിച്ച് വ്യത്യസ്ത രീതിയിലുള്ള ഇലവിന്യാസം തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു. | ചെമ്പരത്തി, തുമ്പ, കാപ്പി, ഏഴിലംപാല, അരളി |
| പരാദ സസ്യങ്ങൾ അർദ്ധപരാദം പൂർണ്ണ പരാദം ശവോപജീവികൾ | ■ നിരീക്ഷണം<br>■ വർഗ്ഗീകരണം | എപ്പിഫൈറ്റുകൾ , പൂർണ്ണപരാദം, അർദ്ധ പരാദം എന്നിവ നിരീക്ഷിക്കുന്നു. ഓർക്കിഡേറിയം നിർമ്മാണത്തിൽ പങ്കാളിയാകുന്നു. | ഓർക്കിഡേറിയം , മരവാഴ,ഇത്തിൾക്കണ്ണി, മൂടില്ലാത്താളി, ചന്ദനം |
| ഇഴവള്ളികൾ, താങ്ങുവേരുകൾ, പൊയ്ക്കാൽ വേരുകൾ, ശ്വസനവേരുകൾ | ■ നിരീക്ഷണം<br>■ വർഗ്ഗീകരണം<br>■ നിഗമനം | വിവിധ സസ്യങ്ങളിൽ വ്യത്യസ്ത ഇനം വേരുകൾ നിരീക്ഷിച്ച് വൈവിധ്യം, ധർമ്മം എന്നിവ തിരിച്ചറിയുന്നു. | കുരുമുളക് , പടവലം, പാവൽ,മത്തൻ, മധുരക്കിഴങ്ങ്, മേന്തോന്നി, കണ്ടലുകൾ, സ്റ്റോബറി, ആറ്റു കൈത, മണിപ്ലാന്റ് , മുന്തിരി, കോവൽ |
| സസ്യലോകത്തെ വൈവിധ്യം | ■ നിരീക്ഷണം<br>■ അളക്കൽ<br>■ വിവരശേഖരണം | ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ, സംരക്ഷണമാർഗ്ഗങ്ങൾ നിർദ്ദേശിക്കൽ | ജൈവവൈവിധ്യ ഉദ്യാനം |
| ഊർജ്ജ ആവശ്യങ്ങൾക്ക് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തണം. | ■ നിരീക്ഷണം | പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ നിരീക്ഷിക്കുന്നു. നിർമ്മാണത്തിൽ പങ്കെടുക്കുന്നു. | സൗരോർജ്ജ പാനൽ, കാറ്റാടി യന്ത്രം , ബയോഗ്യാസ് പ്ലാന്റ്. |
| ജലം അമൂല്യമാണ്. അത് സംരക്ഷിക്കണം. വിവിധ ജലസംരക്ഷണ മാർഗ്ഗങ്ങൾ | ജലസംരക്ഷണമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും പ്രാവർത്തികമാക്കുവാനും കഴിയുന്നു. | ജലസംരക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | മഴക്കുഴി, കയ്യാല, തടങ്ങൾ, മഴവെള്ള സംഭരണി, പടുതാക്കുളം. |
| സസ്യങ്ങളുടെ വിവിധഭാഗങ്ങൾ പ്രജനനത്തിനായി ഉപയോഗിക്കുന്നു. | ■ നിരീക്ഷണം<br>■ പരീക്ഷണം<br>■ നിഗമനം | വിവിധ കായികഭാഗങ്ങൾ പ്രജനനം നടത്തുന്ന സസ്യങ്ങളെ നിരീക്ഷിക്കുന്നു. നട്ടുനോക്കുന്നു. | മരച്ചീനി, മുരിങ്ങ, ഇലമുളച്ചി, നിലപ്പന, നിശാഗന്ധി |
| വിത്ത് വിതരണത്തിനായുള്ള അനുകൂലനങ്ങൾ | ■ നിരീക്ഷണം<br>■ നിഗമനം | വിവിധ അനുകൂലനങ്ങൾ തിരിച്ചറിയുന്നു. | അപ്പൂപ്പൻതാടി, ആൽ, പ്ലാവ്, പേര, വെണ്ട, കാശിത്തുമ്പ, സ്നേഹപ്പുല്ല്, പഞ്ഞിക്കായ്, നെല്ല് |

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| സാമൂഹിക ശുചിത്വം | ▪ പരിസര ശുചീകരണ പ്രവർത്തനങ്ങൾ. | മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. | ബയോഗ്യാസ് പ്ലാന്റ്, വെർമിവാഷ് തുടങ്ങിയവ മാലിന്യ സംസ്കരണ സാധ്യതകൾ. |
| പ്രാണികൾ, മത്സ്യങ്ങൾ , ഉഭയജീവികൾ, ഉരഗങ്ങൾ, പക്ഷികൾ | ▪ പക്ഷിനിരീക്ഷണം<br>▪ പരിസര നിരീക്ഷണം | വിവിധ സന്ദർഭങ്ങളിൽ മുട്ടയിടുന്ന ജീവികളെ നിരീക്ഷിച്ച് വർഗ്ഗീകരിക്കുന്നു. | കുളം, പക്ഷികൾക്കുള്ള ആഹാരം, വെള്ളം കൂട്. |
| പൂർണ്ണ രൂപാന്തരണം , അപൂർണ്ണരൂപാന്തരണം. | | ഫീഡിംഗ്പ്ലാന്റ് ബ്രീഡിംഗ് പ്ലാന്റ് നട്ടുപിടിപ്പിക്കൽ | ശലഭോദ്യാനം |
| ജൈവ വൈവിധ്യ സംരക്ഷണം | ▪ നിരീക്ഷണം<br>▪ തീരുമാനം ഏറ്റെടുക്കൽ<br>▪ ആശയവിനിമയം | ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ | ജൈവ വൈവിധ്യ ഉദ്യാനം |

യു.പി. തലം. ക്ലാസ്സ് - 6

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| പൂക്കളുടെ വിവിധ ഭാഗങ്ങൾ | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | വിവിധ പൂക്കൾ പരിശോധിച്ച് അവയുടെ ഓരോ ഭാഗങ്ങൾ തിരിച്ചറിയുന്നു. | വിവിധ തരം പൂക്കൾ , ചെമ്പരത്തി, മത്തൾ , പാവൽ , പടവലം, കോവൽ. |
| പൂക്കളിലെ വൈവിധ്യം ഏകലിംഗ പുഷ്പങ്ങൾ, ദ്വിലിംഗ പുഷ്പങ്ങൾ | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | വിവിധ പൂക്കൾ നിരീക്ഷിക്കുന്നു. ഏകലിംഗ പുഷ്പങ്ങൾ,ദ്വിലിംഗ പുഷ്പങ്ങൾ | മത്തൻ, പാവൽ, പടവലം, കോവൽ, ചെമ്പരത്തി തുടങ്ങിയ വിവിധയിനം പൂക്കൾ. |
| സ്വപരാഗണം, പരപരാഗണം എന്നി ആശയങ്ങൾ വിശദീകരിക്കാൻ കഴിയുന്നു. | ▪ നിരീക്ഷണം<br>▪ നിഗമനം | ഷഡ്പദങ്ങൾ പരാഗണം നടത്തുന്നവ നിരീക്ഷിക്കുന്നു | ശലഭപാർക്ക് ,വിവിധയിനം പൂച്ചെടികൾ |
| പരാഗണകാരി,(പ്രാണികൾ , പക്ഷികൾ, കാറ്റ്, ജലം, ജന്തുക്കൾ) | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം<br>▪ നിഗമനം | വിവിധ സന്ദർഭങ്ങളിൽ പ്രാണികൾ പരാഗണം നടത്തുന്നത് നിരീക്ഷിക്കുന്നു. | ജൈവ വൈവിധ്യ ഉദ്യാനം |
| കൃത്രിമ പരാഗണം | ▪ നിരീക്ഷണം<br>▪ ആർജ്ജിത അറിവ് പുതിയ സാഹചര്യത്തിൽ പ്രയോഗിക്കാൻ കഴിയുന്നു | കൃത്രിമ പരാഗണം നടത്തുകയും പരിശോധിക്കുയും ചെയ്യുന്നു | ജൈവ വൈവിധ്യ ഉദ്യാനം |

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| ഒവ്യൂകൾ വിത്തായി മാറുന്നു<br>അണ്ഡാശയം ഫലമായി മാറുന്നു. | ■ നിരീക്ഷണം<br>■ വർഗ്ഗീകരണം | പരാഗണത്തിനു ശേഷം പൂവിനുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിച്ച് ഏതുഭാഗമാണ് ഫലമാകുന്നത് എന്ന് കണ്ടെത്തുന്നു. | മത്തൻ, പാവൽ, പടവലം, കോവൽ, വെള്ളരി, തുടങ്ങിയ സസ്യങ്ങൾ |
| ശലഭോദ്യാനം | ■ പൂന്തോട്ടം സംരക്ഷിക്കുന്നു<br>■ പൂക്കൾ, പക്ഷികൾ, പ്രാണികൾ, ശലഭങ്ങൾ തുടങ്ങിയവയോട് സഹഭാവം പ്രകടിപ്പിക്കുന്നു. | ശലഭങ്ങളെ ആകർഷിക്കുന്നതിനുള്ള സസ്യങ്ങളെ നട്ടുവളർത്തുന്നു. | ശലഭോദ്യാനം |
| ജീവികളുടെ നിലനിൽപിന് ആവശ്യമായ ജീവീയ, അജീവിയ ഘടകങ്ങൾ ഭക്ഷ്യ ശൃംഖല | ■ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>■ നിരീക്ഷണം<br>■ പട്ടികപ്പെടുത്തൽ<br>■ നിഗമനം | കുളം നിർമ്മാണം.<br>ആവാസ വ്യവസ്ഥകൾ സന്ദർശിച്ച് ജീവിയ, അജീവിയ ഘടകങ്ങൾ പട്ടികപ്പെടുത്തുന്നു.<br>അക്വാപോണിക്സ് നിർമ്മാണം | ജൈവ വൈവിധ്യ ഉദ്യാനം |

യു.പി. തലം ക്ലാസ്സ് - 7

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| കായിക പ്രജനനം, ലൈംഗിക പ്രത്യുൽപാദനം, സംയോജിത കൃഷിരീതി,ഇടവിളകൃഷി, വിളപര്യായം, ജൈവവളം, കീടനിയന്ത്രണം,ജലസേചനം | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം<br>▪ നേടിയ ആശയങ്ങളുടെ പ്രയോഗം<br>▪ ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശാസ്ത്രത്തിന്റെ രീതി പ്രയോജനപ്പെടുത്തൽ. | ഉദ്യാനത്തിലെ സസ്യങ്ങളിൽ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ്, ചെയ്യുന്നു. വിവിധ തരത്തിലുള്ള ചെടികൾ നട്ട് പരിപാലിക്കുന്നു. | പച്ചക്കറികൾ , ചെമ്പരത്തി, ചെത്തി മുതലായ പൂച്ചെടികൾ ,മണ്ണിരകമ്പോസ്റ്റ്, കുളം,മഴവെള്ള സംഭരണി,അക്വാപോണിക്. |
| നൈട്രജൻ സ്ഥിരീകരണം | ▪ നിരീക്ഷണം | പയർവർഗ്ഗത്തിൽപ്പെട്ട ചെടികളുടെ വേരുകൾ നിരീക്ഷിക്കുന്നു. | പയർ, തുവര, തൊട്ടാവാടി, കൊഴിഞ്ഞിൽ |
| നാടൻ സസ്യങ്ങളും സങ്കരയിനം സസ്യങ്ങളും തമ്മിൽ വ്യത്യാസങ്ങളുണ്ട്. | ▪ നിരീക്ഷണം<br>▪ നിഗമനം | ഒരേ സസ്യത്തിൽപെട്ട നാടൻ ഇനങ്ങളും സങ്കരയിനങ്ങളും നട്ടുനോക്കുന്നു. | സസ്യത്തിന്റെ നാടൻ ഇനങ്ങൾ സങ്കരയിനങ്ങൾ |
| സസ്യഭാഗങ്ങൾ സൂചകമായി ഉപയോഗിക്കാം, മണ്ണിന്റെ പി.എച്ച് മൂല്യം | ▪ ബദൽ സാധ്യതകൾ കണ്ടെത്തൽ<br>▪ പരീക്ഷണങ്ങളിൽ ഏർപ്പെടൽ | സസ്യ ഭാഗങ്ങളിൽ നിന്നും സൂചകങ്ങൾ കണ്ടെത്തുന്നു. | ചെമ്പരത്തി, മഞ്ഞൾ,വയലറ്റ് ക്യാബേജ്,ശംഖുപുഷ്പം, പതിമുഖം,ബീറ്റ്റൂട്ട്, തേക്ക്, അരിപ്പൂവ്,ഹൈഡ്രാഞ്ചിയ. |
| ജലശുദ്ധീകരണം ജലസംരക്ഷണം | ▪ നിരീക്ഷണം<br>▪ നേടിയ ആശയങ്ങളുടെ പ്രയോഗം<br>▪ നിഗമന രൂപീകരണം | കുളം, മഴവെള്ള സംഭരണി, ജലശുദ്ധീകരണം, എന്നിവയുടെ നിർമ്മാണത്തിലും പരിപാലനത്തിലും പങ്കാളിയാകൽ. | കുളം, മഴവെള്ള സംഭരണി, മലിനജലം അരിച്ചെടുക്കുന്ന സംവിധാനം(ജൈവവേലി, മഴക്കുഴി,രാമച്ചം,ഇല്ലിവെച്ചു പിടിപ്പിക്കൽ) |

# സ്വപ്നവിദ്യാലയം

